ഉത്തരം

(എ) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തീരുമാനം എടുക്കാതെയുള്ള പഴക്കമുള്ള ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് ഇപ്പോൾ സംസ്ഥാനത്തുള്ള എല്ലാ ആഫീസുകളുടെയും പ്രവർത്തനം മാസത്തിലൊരിക്കൽ അവലോകനം നടത്തുകയും ആവശ്യമായ നടപടികൾ നിർദ്ദേശിച്ച് അവലോകന റിപ്പോർട്ട് എല്ലാ വകുപ്പു തലവൻമാർക്കും അയച്ചുകൊടുക്കുകയും ചെയ്യാറുണ്ട്. സെക്രട്ടേറിയറ്റിൽ സമയബന്ധിതമായി ഫയലുകൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി തീരുമാനമെടുക്കുന്നതിനായി ലവൽ ജംപിംഗിനും ഫയൽ പ്രയാണത്തിനും സമയപരിധി നിശ്ചയിക്കുകയും ചെയ്തു കൊണ്ട് ഉത്തരവ് നിലവിലുണ്ട്.

(സി) ജില്ലാതല ഓഫീസുകളിൽ അദാലത്തുകൾ സംഘടിപ്പിക്കാറുണ്ട്.

(ഡി) സെക്രട്ടേറിയറ്റിലെ വകുപ്പുകളിലെയും, വകുപ്പുതലവൻമാരുടെ ഓഫീസിലെയും പഴക്കമുള്ള കേസുകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.†

പേഴ്സണൽ സ്റ്റാഫിലെ ജീവനക്കാരനായിരുന്ന കുമാരന്റെ ആനുകൂല്യങ്ങൾ

5 [1581] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗതാഗത വനം വകുപ്പുമന്ത്രിയായിരുന്ന പരേതനായ പി. ആർ. കുറുപ്പിന്റെ പേഴ്സണൽ സ്റ്റാഫിൽ പ്യൂണായിരുന്ന പരേതനായ പൊതിയാണ്ടിയിൽ കുമാരന്റെ മരണാനന്തര ആനുകൂല്യത്തിനായി മകൻ രണ്ട് വർഷം മുമ്പ് സമർപ്പിച്ച അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) കുമാരന്റെ കുടുംബത്തിനു കിട്ടേണ്ട ആനുകൂല്യം എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും ഇങ്ങനെ ഒരു അപേക്ഷ ഈ വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല.

† അനുബന്ധം—IV, IV എ

LIBRARY ARCHIVES Kerala Legislative Assembly